## ഹോമിയോപ്പതി കോളേജ്

*൪൪. (൯) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇവിടത്തെ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ഹോമിയോപ്പതി കോളേജ് ആരംഭിക്കുന്നതിനു ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): തൽക്കാലം ഇല്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ സംസ്ഥാനത്തു് ആകെ എത്ര ഹോമിയോപ്പതി ഡാക്ടർമാർ ഉണ്ടെന്നു അറിയാമോ?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ശ്രീ. കെ. രാമചന്ദ്രൻ: മെഡിക്കൽ കോളേജിൽ ഹോമിയോപ്പതിക്കു വേണ്ടി എത്ര സീറ്റു നൽകിയിട്ടുണ്ടു്?

**Sri. C. Kesavan:** I claim notice.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മെഡിക്കൽ കോളേജിനോടനുബന്ധിച്ചു് ഒരു ഹോമിയോപ്പതി കോളേജ് തുടങ്ങുവാൻ ഗവൺമെണ്ടു് ആലോചിക്കുമോ?

ശ്രീ. സി. കേശവൻ: ആലോചിക്കുവാൻ വിചാരിച്ചിട്ടില്ല.

## അരിവില

*൪൫. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിലമുടമസ്ഥന്മാരിൽ നിന്നു ഗവൺമെൻറു് എടുക്കുന്ന ഓരോ പറ നെല്ലിനു കൊടുത്തുവരുന്ന വില എത്ര;

(ബി) ഗവൺമെൻറു് എടുക്കുന്ന നെല്ലു പറയ്ക്കു് എത്ര വിലവെച്ചു് വിൽക്കുന്നു;

(സി) ഇപ്രകാരം നെല്ലു വാങ്ങി വില്പനചെയ്യുന്നതുമൂലം ഗവൺമെൻറിനുള്ള ആദായം എത്ര?

ധനകാര്യവും, ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) തിരുവിതാംകൂറിൽ ഒരു പറയ്ക്കു് ഒരു രൂപാ പതിമൂന്നണയും കൊച്ചിയിൽ പറയ്ക്കു് ഒരു രൂപാ പന്ത്രണ്ടണയും വില കൊടുത്തുവരുന്നു.

(ബി) തിരുവിതാംകൂറിൽ ഒരു പറയ്ക്കു് രണ്ടു രൂപാ എട്ടണ വച്ചു് വിറ്റവരുന്നു. കൊച്ചിയിൽ മിക്കവാറും നെല്ലുകുത്തി അരിയായിട്ടാണു് വിറ്റവരുന്നതു്. നെല്ലായിട്ടു കണക്കാക്കിയാൽ ഒരു പറയ്ക്കു് രണ്ടു രൂപാ നാലണ മുതൽ പൈസ വില്പന വില വരും.

(സി) തിരുവിതാംകൂറിൽ ഒരു പറയ്ക്കു് ഏഴണ അഞ്ചു പൈസയും കൊച്ചിയിൽ ഒരു പറയ്ക്കു് രണ്ടണ ഒൻപതു പൈസയും വീതം ആദായം കിട്ടുന്നുണ്ടു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഒരു പറ നെല്ലിനു തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്ത വില വരുവാൻ കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര: പറകം തമ്മിലുള്ള വ്യത്യാസമാണ് അതിനു കാരണം. തിരുവിതാംകൂറിലെ പറ സ്വല്പം വലിയതാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: തിരുവിതാംകൂറിലേയും കൊച്ചിയിലേയും പറകൾക്കു ഏകീകരണം വരുത്താൻ ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഏകീകരണം വരുത്താൻ ആലോചിക്കുന്നുണ്ട്.

ശ്രീ. കണ്ണാറ തോപാലപ്പണിക്കർ: കൊച്ചിയിലെപോലെ ഇവിടെയും നെല്ലുകുത്തി അരിയായിട്ടു കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഒരു രൂപാ പതിമൂന്നണയ്ക്കു പുറമെ ബോണസ് വല്ലതും കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ബോണസ് കൊടുക്കുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോഴത്തെ ധാന്യസംഭരണ വിതരണം ഒരു കച്ചവടമായിട്ടു അധഃപതിച്ചിട്ടുള്ളതായി ഗവൺമെൻറിന്നറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇസ്സു: നെല്ലിനു പറയ്ക്ക് അഞ്ചു രൂപാ വീതം വിലയുണ്ടെന്നു ക്ഷേമമന്ത്രി എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ക്ഷേമമന്ത്രി എന്നുള്ള നിലയിൽ അപ്രകാരം ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. സി. വി. ഇസ്സു: സ്വന്തം നിലയിലുള്ള അഭിപ്രായം എന്താണ്?

ശ്രീ. കെ. എം. കോര: സ്വന്തം നിലയിലുള്ള അഭിപ്രായം പറയേണ്ട അവസരത്തിൽ പറഞ്ഞുകൊള്ളാം.

**Sri. D. Gnanasigamoni:** May I know whether the Government are in receipt of written petitions that no bonus is being paid at the time of procurement by G. P. Tahsildars?

**Sri. K. M. Korah:** Such a thing has not come to the notice of Government yet. But when that comes, as I said yesterday, certainly proper action will be taken.

**Sri. K. Sivarama Pillai:** May I know whether the Food Minister is not himself in receipt of a phonocom to that effect?

**Sri. K. M. Korah:** Yes.

ശ്രീ. ഇട്ടൂര അബ്ബുക്കൻ: ഒരു പറയ്ക്ക് ഇന്നു കർഷകർക്കു കൊടുത്തുവരുന്ന വില ഒരു രൂപാ പതിമൂന്നണ മതിയായ ഒരു വിലയാണെന്നു ഗവൺമെൻറിനു ബോദ്ധ്യമുണ്ടോ?

ശ്രീ. കെ. എം. കോര: ഇന്നു കർഷകർക്ക് കൊടുത്തുവരുന്ന വില മതിയായ ഒരു വിലയല്ലെന്നും അതുകൊണ്ട് ആ വില കൂട്ടികൊടുക്കണമെന്നും കർഷകന്മാരിൽനിന്നും ഒരു നിവേദനം ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. അതു ഗവൺമെൻറിൻറെ പരിശോധനയിൽ ഇരിക്കുകയാണ്.

ശ്രീ. ഇട്ടൂര അബ്ബുക്കൻ: അതിനെ സംബന്ധിച്ച് ഗവൺമെൻറിൻറെ അഭിപ്രായം എന്താണ്?

ശ്രീ. കെ. എം. കോര: ഗവൺമെൻറിൻറെ അഭിപ്രായം ഇന്നതാണെന്നു പറയുവാൻ സമയമായിട്ടില്ല. അതിനെക്കുറിച്ച് ആലോചിക്കുന്നതേയുള്ളൂ.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂറിൽ ഒരു പറ നെല്ലിനു 9 അണ 8 പൈസയും കൊച്ചിയിൽ 10 അണ 12 പൈസയും ഗവൺമെൻറ് മാരേതര

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതു് അങ്ങനെതന്നെ നിലനിൻ്റിക്കൊണ്ടുപോകണമെന്നാണോ ഗവൺമെൻ്റ് വിചാരിക്കുന്നതു്?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് പല എതിരഭിപ്രായങ്ങളുമുണ്ടു്. ഈ സഭയുടെ അഭിപ്രായം അനുസരിച്ചു് അതുംകൂടി ഗവൺമെൻ്റ് പര്യാലോചനയിൽ എടുക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും നെല്ലിൻ്റെ വിലയ്ക്കു് തുല്യത വരുത്തുന്നതിനു എത്ര താമസം വേണ്ടിവരും?

ശ്രീ. കെ. എം. കോര: കൊച്ചിയിൽ നെല്ലു് മില്ലിൽ കുത്തി അരിയായി കൊടുക്കുന്നതുകൊണ്ടുള്ള വ്യത്യാസമാണു് ഉള്ളതു്. ഇവിടെയും അങ്ങനെ ചെയ്യുവാൻ ആലോചനയുണ്ടു്. അതു നടപ്പിലായാൽ മിക്കവാറും ഏകീകരണം ഉണ്ടാകുന്നതാണു്.

ശ്രീ. സി. വി. ഇയ്യു: കഴിഞ്ഞ മകരം മുതൽ കൊച്ചിയിൽ കുറെ കർഷകർക്കു് ബോണസ്സു് കൊടുക്കുകയും കുറെ കർഷകർക്കു് അതു് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ബോണസ്സു് കൊടുത്ത കൃഷിക്കാരിൽനിന്നു് അതു് തിരിച്ചു വാങ്ങുവാൻ ഗവൺമെൻ്റ് വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് ആലോചനയിൽ വന്നിട്ടില്ല. റപ്രസൻ്റേഷൻ വന്നാൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. സി. വി. ഇയ്യു: കൊടുത്തുപോയ ബോണസ്സു് തിരിച്ചു മേടിക്കാതിരിക്കുന്നതിനു് ഗവൺമെൻ്റിനു് ഭയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അതു് രൂപം അനുസരിച്ചു് ചെയ്യാം.

സാഹിബു് ബഹദൂർ വി. എ. അബ്ദുൽ അസീസ്സു്: എന്തു സംഖ്യയാണു് ബോണസ്സു് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: നാലണ.

സാഹിബു് ബഹദൂർ വി. എ. അബ്ദുൽ അസീസ്സു്: ആകെയുള്ള ആദായത്തിൽനിന്നു ആണോ നാലണ ബോണസ്സു് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: അതേ.

**Sri. R. K. Ram:** May I know whether the Government will make efforts to distribute the paddy collected under the procurement system in an equitable manner to prove of benefit to the public at large?

**Sri. K. M. Korah:** As for as possible it is the intention of Government to distribute as much as possible.

ശ്രീ. എ. കെ. പാച്ചുപിള്ള: മറ്റു സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ഇവിടെ കൊടുക്കുന്നതിൽ കൂടുതൽ വിലയ്ക്കു് നെല്ലു് വിതരണം ചെയ്യുവരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ചു് നോട്ടീസു് വേണം.

## ഹരിജൻ ഹോസ്റ്റലുകൾ

* ൪൩. (൫) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

തിരുവനന്തപുരം, എറണാകുളം ഹരിജൻ ഹോസ്റ്റലുകളിൽ ൧൯൫൦–൫൧ സ്കൂൾ വർഷത്തിൽ എത്ര വിദ്യാർത്ഥികൾവീതം താമസിച്ചിരുന്നു എന്നും, ഓരോ

LIBRARY ARCHIVES Kerala Legislative Assembly